LIBRARY ARCHIVES Kerala Legislative Assembly

മുള്ളർക്കര റെയിൽവേ മേൽപ്പാല നിർമ്മാണം

297(1368) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ മുള്ളർക്കര റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയുമോ;

(സി) മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ പൂർത്തിയാക്കുമോ; ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജക മണ്ഡലത്തിലെ മുള്ളർക്കര (L.C. No. 6)-ൽ മേൽപ്പാലം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി&ഡി) ആർ.ഒ.ബി. നിർമ്മിക്കുന്നതിനുള്ള 30.10 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ റോഡുകൾ

298(1369) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ചേർപ്പുങ്കൽ പാലം നിർമ്മാണം

299(1370) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ചേർപ്പുങ്കൽ പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി എന്നു ലഭിച്ചു ; ഇതിന്റെ നിർമ്മാണത്തിന് ഉണ്ടായ കാലതാമസം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര പേരുടെ സ്ഥലം ഏറ്റെടുക്കാനുണ്ട് ; സ്ഥലം ഏറ്റെടുത്തവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(സി) എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ; എത്ര പേർക്ക് നൽകാനുണ്ട്; വിശദവിവരം നല്കുമോ;

(ഡി) പ്രസ്തുത നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 31-3-2012-ൽ ഭരണാനുമതി ലഭിച്ചു. നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

(ബി&സി) ഇല്ല. രണ്ട് പേരുടെ സ്ഥലം ഏറ്റെടുക്കാനുണ്ട്. 24-7-2015-ൽ 9,99,249 രൂപ നഷ്ടപരിഹാരം കൊടുക്കുന്നതിന് സ്പെഷ്യൽ തഹസീൽദാർക്ക് നൽകിയെങ്കിലും കേസുള്ളതിനാൽ തുക ആർക്കും നൽകിയിട്ടില്ല.

(ഡി) ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ തീരുമാനമായതിനു ശേഷമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly